(സി, ഡി) 21-8-2003-ൽ കേന്ദ്ര കൃഷിമന്ത്രിക്ക് സംസ്ഥാന കൃഷിവകുപ്പുമന്ത്രി അയച്ച കത്തിൽ ഈ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളവ സംബന്ധിച്ച വിവരങ്ങൾ വിശദ മാക്കിയിരുന്നു. കൂടാതെ വളരെ നേരത്തെ തന്നെ ഇതു സംബന്ധിച്ച കൂടുതൽ വിവര ങ്ങളുൾക്കൊള്ളുന്ന ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പുകളും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കെല്ലാം അയയ്ക്കുകയും. മുൻ വാണിജ്യകാര്യമന്ത്രിക്ക് കത്തയയ്ക്കുകയും കൃഷിവകുപ്പുമന്ത്രി നേരിട്ട് വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിക്കും പ്രധാനമന്ത്രിക്കും സമർപ്പി ച്ചിരുന്ന മെമ്മോറാണ്ടങ്ങളിലും ഈ വിഷയം ഉന്നയിച്ചിരുന്നു.

(ഇ) മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കാൻ-കൂൺ സമ്മേളനത്തിൽ ഈ ആവശ്യം ഉന്നയിച്ചതായി അറിവില്ല. എന്നാൽ മുൻ സമ്മേളനങ്ങളിൽ ഉന്നയിച്ചിരുന്നതായി അറിയുന്നു. ഡബ്ല്യൂ.ടി.ഒ. കരാറനുസരിച്ച് വ്യാവസായികോല്പന്നങ്ങളായാലും കാർഷികോല്പന്നങ്ങളായാലും അവയുടെ ഇറക്കുമതി ചുങ്കപരിധി (ബൗണ്ട് റേറ്റ്) നിർണ്ണയിക്കുന്നത് വ്യാപാര പങ്കാളികൾ തമ്മിലുള്ള ഉഭയസമ്മതപ്രകാരമാണ്. അതിനാൽ പട്ടിക മാറ്റുന്നതിലൂടെ ഏതെങ്കിലും ഉല്പന്നത്തിന്റെ ബൗണ്ട് റേറ്റ് ഉയർത്താൻ കഴിയില്ല. ഏതെങ്കിലും ഉല്പന്ന ത്തിന്റെ ചുങ്കപരിധി ഉയർത്തണമെന്ന് ആവശ്യപ്പെട്ടാൽ പ്രസ്തുത ഉല്പന്നം പ്രധാനമായി കയറ്റുമതി ചെയ്യുന്ന മറ്റു രാജ്യങ്ങളുടെ ഇതര ഉല്പന്നങ്ങൾക്ക് സൗജന്യം അനുവദി ക്കേണ്ടിവരും. ഇത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അതിനാൽ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആവശ്യം മുന്നോട്ടു നീക്കാൻ പ്രയാസമാണെന്നും, ലോകവ്യാപാര സംഘടനയ്ക്കായുള്ള ഭാരതത്തിന്റെ പ്രതിനിധി സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തെ യുവകർഷകർക്കായി ആരംഭിച്ച തൊഴിൽ പദ്ധതി

76 [1083] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം രൂപ വീതം യുവാക്കളിൽനിന്നും ഈടാക്കിക്കൊണ്ട് സംസ്ഥാനത്തെ യുവകർഷകർക്കായി ആരംഭിച്ച തൊഴിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1993-94-ൽ ആരംഭിച്ച ഈ പദ്ധതിയിൽ 1,04,213 പേർ പേര് രജിസ്റ്റർ ചെയ്തിരുന്നു. ഇവരിൽ 45,252 പേർ വനിതകളാണ്. പദ്ധതിപ്രകാരം അർഹമായ ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് നൽകിവരുന്നുണ്ട്. ഇതിനകം മരണമടഞ്ഞ 465 അംഗ ങ്ങളുടെ ആശ്രിതർക്ക്/നോമിനിക്ക് 25,000 രൂപവീതം നൽകിയിട്ടുണ്ട്. കൂടാതെ സ്വധേയാ പിരിഞ്ഞുപോയ 177 പേർക്ക് അവർ അടച്ചിട്ടുള്ള 1000 രൂപ തിരിച്ചു നൽകിയിട്ടുമുണ്ട്.

അംഗങ്ങളിൽനിന്നും തിരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി കൃഷിഭവനുകൾതോറും സ്വാശ്രയ സംഘങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകി സ്വയം തൊഴിലിന് പ്രാപ്തരാക്കുകയും വകുപ്പു നടപ്പാക്കുന്ന പദ്ധതികളിൽ മുൻഗണന നൽകുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി ഇന്നത്തെ രീതിയിൽ തുടരുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പദ്ധതിയിലെ അംഗങ്ങൾക്ക് കൂടുതൽ പ്രയോജന കരമാംവണ്ണം പദ്ധതി ഭേദഗതി ചെയ്ത് നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായി നബാർഡിന്റെ കൺസൾട്ടൻസിയായ നാബ്കോണിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിച്ച് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

കൃഷിനാശം സംഭവിച്ചവർക്ക് നൽകിയ ധനസഹായം

77 [1084] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ നൽകിയ ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും ഇത് സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ എത്രയാണ്;

(സി) നടപ്പുവർഷം ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(ഡി) ചെലവഴിച്ചില്ലെങ്കിൽ പ്രസ്തുത തുക അപേക്ഷകർക്ക് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കൃഷി നാശത്തിന് നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2001-2002	..	17,89,882	രൂപ
2002-2003	..	1,16,96,611	,,
2003-2004	..	20,85,494	,,

(ബി) അപേക്ഷകളുടെ വിശദവിവരം ചുവടെ പേർക്കുന്നു:

2001-2002	..	7152
2002-2003	..	8654
2003-2004	..	6194

(സി) പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ട്രഷറി നിയന്ത്രണം കാരണമാണ് സാധിക്കാത്തത്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly